# പെരിന്തൽമണ്ണ നഗരസഭ

## പ്ലാസ്റ്റിക്/പ്ലാസ്റ്റിക് ക്യാരിബാഗ് നിയന്ത്രണ – നിരോധന ഉപനിയമാവലി – 2016 – വിജ്ഞാപനം

എച്ച്2– 19837/16

### ആമുഖം

1994 ലെ കേരള മുനിസിപ്പൽ നിയമ പ്രകാരം മാലിന്യശേഖരണവും കൈകാര്യംചെയ്യലും നഗരസഭയിൽ നിക്ഷിപ്തമായ ചുമതലയായതിനാലും 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള 2016 ലെ മുനിസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റ് ആന്റ് ഹാന്റ്‌ലിംഗ്)ചട്ടങ്ങൾ പ്രകാരം ആയത് കൈകാര്യം ചെയ്യപ്പെടേണ്ടത് ആവശ്യമാകയാലും 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിൽ വരുത്തേണ്ടതിനാലും 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 334 ബി വകുപ്പ് പ്രകാരവും ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും പ്ലാസ്റ്റിക് ക്യാരിബാഗ് വിപണനത്തിൽ നിയന്ത്രണം/നിരോധനം ഏർപ്പെടുത്തുന്നതിനും പൊതു സമൂഹത്തിൽ ഫലപ്രദമായി ഒരു പ്ലാസ്റ്റിക് ക്യാരി ബാഗ് നിയന്ത്രണ നിരോധന നയം രൂപപ്പെട്ട് വരേണ്ടതിനാലും ഇതു സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണ് എന്നു കാണുകയാലും 1994 ലെ മുനിസിപ്പൽ നിയമത്തിലെ 567 വകുപ്പ് പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് പെരിന്തൽമണ്ണ നഗരസഭ കൗൺസിലിന്റെ 23/12/2016 തീയതിയിലെ 1–ാം നമ്പർ തീരുമാന പ്രകാരം ഈ നിയമാവലി പുറപ്പെടുവിക്കുന്നു.

(I) പേരും നിലവിൽ വരുന്ന തീയതിയും പ്രാരംഭവും

i) പെരിന്തൽമണ്ണ നഗരസഭ പ്ലാസ്റ്റിക്/പ്ലാസ്റ്റിക് ക്യാരിബാഗ് നിരോധന/നിയന്ത്രണ ഉപനിയമങ്ങൾ

ii) ഈ നിയമങ്ങൾ ഇതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പ്രകാരം 2017 ഏപ്രിൽ മാസം 1–ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

iii) വിജ്ഞാപനത്തിന്റെ പ്രയോഗപരിധി

പെരിന്തൽമണ്ണ നഗരസഭ പരിധിയിലെ മുഴുവൻ പൊതുസ്ഥലങ്ങളും ആരുടെ സ്വകാര്യ സ്വത്തവകാശം അംഗീകരിക്കപ്പെട്ടിട്ടുള്ളതായാലും മുഴുവൻ വാസസ്ഥലങ്ങളും വ്യാപാരി – വ്യവസായ കേന്ദ്രങ്ങളായ ഇതര സ്ഥലങ്ങളും സ്ഥാപനങ്ങളും.

(II) നിർവ്വചനങ്ങൾ

(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷവും , സംക്ഷിപ്തങ്ങളും, വിശദീകരണങ്ങളും പ്രത്യേകം നിർവ്വചിക്കാത്തിടത്തോളവും പെരിന്തൽമണ്ണ നഗരസഭ എന്നാൽ നഗരസഭ കൗൺസിലും ആവശ്യമായ സാഹചര്യങ്ങളിൽ നഗരസഭയിലെ ജനപ്രതിനിധികളും എന്നാകുന്നു.

(2) നഗരസഭാ സെക്രട്ടറി

എന്നാൽ പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയോ ആവശ്യമായ സാഹചര്യങ്ങളിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 50 (2) വകുപ്പു പ്രകാരം സെക്രട്ടറി ഇതിലേക്കായി അധികാരപ്പെടുത്തി ചുമതലപ്പെടുത്തുന്ന നഗരസഭ ഉദ്യോഗസ്ഥനോ ആയിരിക്കും.

(3) ഹെൽത്ത് ഇൻസ്പെക്ടർ

എന്നാൽ പെരിന്തൽമണ്ണ നഗരസഭ ആരോഗ്യ/ശുചീകരണ വിഭാഗം തലവൻ

(4) പ്ലാസ്റ്റിക്ക് ക്യാരി ബാഗ്

എന്നാൽ കടകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിൽക്കപ്പെടുന്ന സാധനങ്ങൾ കൊണ്ടുപോകുന്നതിന് ഉപഭോക്താക്കൾക്ക് നൽകുന്ന പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ച സഞ്ചി എന്ന് അർത്ഥമാക്കുന്നു. സാധനങ്ങൾ പായ്ക്ക് ചെയ്യുന്നതിന് ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് കവറുകൾ ഇതിൽ ഉൾപ്പെടുന്നതല്ല.

(5) കമ്പോസ്റ്റബിൾ പ്ലാസ്റ്റിക്സ്

എന്നാൽ കമ്പോസ്റ്റിംഗ് രീതിയിൽ മാലിന്യസംസ്ക്കരണം നടത്തുമ്പോൾ ജൈവ വിഘടനം സംഭവിക്കുന്ന തരം കനം കുറഞ്ഞ പ്ലാസ്റ്റിക്ക് എന്ന് അർത്ഥമാകുന്നു.

(6) മോണിറ്ററിംഗ് കമ്മിറ്റി

എന്നാൽ ബഹു:ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഹെൽത്ത് കമ്മിറ്റിയുടേയും ഹെൽത്ത് വിഭാഗം ജീവനക്കാരുടേയും ഒരു മോണിറ്ററിംഗ് കമ്മിറ്റി.

(7) വാർഡു തലശുചിത്വ കമ്മിറ്റി

എന്നാൽ വാർഡുതല ആരോഗ്യപദ്ധതി തയ്യാറാക്കൽ നടപ്പിലാക്കൽ പ്ലാസ്റ്റിക്ക് നിരോധനം മേൽനോട്ടം എന്നിവയുടെ ചുമതലയുള്ള വാർഡുതല ശുചിത്വ കമ്മിറ്റി

(8) വാർഡ്

എന്നാൽ നഗരസഭയുടെ ഭരണപരമായ സൗകര്യത്തിന് വേണ്ടി വിഭജിച്ചിട്ടുള്ള ഇലക്ടറൽ വാർഡ്

(III) ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും

(1) നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്ലാസ്റ്റിക്ക് ആധിപത്യമുറപ്പിച്ചിരിക്കുകയാണ്. കൈകാര്യം ചെയ്യാനുള്ള സൗകര്യങ്ങളും താരതമ്യേന കുറഞ്ഞ ഉൽപാദന ചിലവും വളരെ ഉയർന്ന നിരക്കിലുള്ള ലഭ്യതയും ജനങ്ങളുടെ ഉപഭോഗ ശീലവും, സ്വാർത്ഥതയും ഒരു പരിധി വരെ ഇതിന്റെ ക്രമാതീതമായ വിപണനത്തിന് കാരണമായിട്ടുണ്ട്.

(2) ആധുനിക യുഗത്തിൽ പ്ലാസ്റ്റിക്കില്ലാത്ത ഒരു അവസ്ഥയെ കുറിച്ച് മനുഷ്യന് ചിന്തിക്കാൻ കഴിയില്ല. എന്നാൽ ഇതിന്റെ അമിത ഉപയോഗം പരിസ്ഥിതി സംന്തുലനത്തെ തകിടം മറിക്കുന്നത് സംബന്ധിച്ച് മനുഷ്യൻ വേണ്ടത്ര ബോധവനാണോ എന്ന് സംശയമുണ്ട്. ആഗോളതാപനം, കാലാവസ്ഥ വ്യതിയാനം, കാൻസർ പോലുള്ള മാരകരോഗങ്ങൾ, വന്ധ്യത എന്നിവ പ്ലാസ്റ്റിക്കിന്റെ അമിതോപയോഗത്താൽ സംഭവിക്കുന്നതായും പ്ലാസ്റ്റിക്ക് മാലിന്യം നൂറ്റാണ്ടുകൾ കഴിഞ്ഞാലും മണ്ണിൽ വിഘടിക്കാതെ മണ്ണിന്റെ സ്വാഭാവിക ഗുണത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതായും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇന്ന് ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള സകല സാധനങ്ങളും ലഭിക്കുന്നതിന് പ്ലാസ്റ്റിക്ക് കവറുകളിലും ബോട്ടിലുകളിലുമാണ്. ഇവ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും വിതരണം ചെയ്യുന്നതാകട്ടെ പുന:ചംക്രമണം സാധ്യമാകാത്ത കനം കുറഞ്ഞ 40 മൈക്രോണിലും കുറഞ്ഞ പ്ലാസ്റ്റിക്ക് കവറുകളിലും ആണ്. ഇത്തരത്തിലുള്ള പ്ലാസ്റ്റിക്ക് കവറുകളും ഉപയോഗ ശേഷം വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നു. കനം കുറഞ്ഞ പ്ലാസ്റ്റിക്ക് കവറുകൾ മണ്ണിൽ അലിഞ്ഞു ചേരുന്ന മാലിന്യങ്ങൾ നിറച്ചു ഭദ്രമായി ജനങ്ങൾ പാതയോരങ്ങളിൽ നിക്ഷേപിക്കുന്നു. സ്വാഭാവിക രീതിയിൽ മണ്ണിൽ ലയിക്കാൻ കഴിയാത്ത ഈ മാലിന്യങ്ങൾ നിരവധി ഗുരുതര രോഗങ്ങൾ പടർത്തുന്ന രോഗാണുക്കളുടെ കൂമ്പാരമാവുകയും പുറമേ ഇവയിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ ആഹരിക്കാനെത്തുന്ന തെരുവ് നായ്ക്കളുടെ ശല്യത്തിന് കാരണമാകുകയും ചെയ്യുന്നു. ബോട്ടിലുകളും, പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളും ഓടകളിൽ നിക്ഷേപിച്ച് വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുകയും വെള്ളം കെട്ടിക്കിടന്ന് ദുർഗന്ധം ഉണ്ടാക്കുകയും കൊതുക് വളരുന്നതിന് കാരണമാകുകയും കൊതുക് ജന്യരോഗങ്ങൾ വർദ്ധിക്കുന്നതിനും പകർച്ചവ്യാധികൾ പടർന്ന് പിടിച്ച് ജനങ്ങളുടെ ജീവൻ വരെ നഷ്ടപ്പെടുന്നതിനും കാരണമാകുകയും ചെയ്യുന്നു.

(3) ഭാവി തലമുറയുടെ നിലനിൽപ്പിന് ഭീഷണിയായി മാറികൊണ്ടിരിക്കുന്ന ഈ പ്ലാസ്റ്റിക്ക് വിപത്തിനെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നാം കണ്ടെത്തേണ്ടതുണ്ട്.

(4) അതിലൊന്ന് ഉപയോഗം അവയുടെ പരമാവധി കുറച്ചുകൊണ്ടു വരികയെന്നതാണ്. എല്ലാതരം പ്ലാസ്റ്റിക്ക് കവറുകളും പ്ലാസ്റ്റിക്ക് ഉൽപന്നങ്ങളും നമ്മുടെ ജീവതത്തിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെങ്കിലും ഇതിന്റെ ഭവിഷ്യത്ത് മനസിലാക്കി ജനങ്ങൾ മനസ്സുവെച്ചാൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗവും ഇതുമൂലമുണ്ടാകുന്ന മാലിന്യപ്രശ്നങ്ങളും ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുന്നതാണ്.

(5) പെരിന്തൽമണ്ണ നഗരസഭയിലെ പ്രധാന രണ്ട് തോടുകൾ, അതിലേക്ക് ചെന്നെത്തുന്ന കൈതോടുകളുടേയും, നഗരസഭ പരിധിയിലെ ജലസ്രോതസ്സുകളിലേയും ജൈവ കാർഷിക മേഖലകളേയും സംരക്ഷിക്കുക എന്ന പ്രാഥമിക ദൗത്യത്തിൽ നിന്ന് നഗരസഭാ കൗൺസിലിന് ഒഴിഞ്ഞ് മാറാൻ കഴിയില്ല എന്നതിനാൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തിലേക്ക് പ്ലാസ്റ്റിക്ക് ഉപയോഗം കുറക്കുക, പുന:രുപയോഗം സാദ്ധ്യമാക്കുക, നിലവിലുള്ള നിയമങ്ങൾ കർശനമാക്കുക എന്നിവ ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബൈലോ തയ്യാറാക്കിയിരിക്കുന്നത്. സർക്കാർ അംഗീകാരം ലഭിക്കുന്ന തീയതി മുതൽ ഈ ബൈലോ പ്രാബല്യത്തിൽ വരുന്നതാണ്.

(IV) <u>ഈ വിജ്ഞാപനത്തിന്റെ വിശാല ലക്ഷ്യങ്ങൾ</u>

(1) 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ പൂർണ്ണ നിരോധനം നടപ്പിലാക്കുക.

(2) 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ ഉപയോഗം, ഉൽപാദനം, വിതരണം എന്നിവ നിയന്ത്രിക്കുക വഴി നഗരസഭാ പരിധിയിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഇല്ലാതാക്കുക.

(3) പ്രദേശത്തെ മുഖ്യജലസ്രോതസ്സായ രണ്ട് തോടുകളുടെയും സംരക്ഷണവും മലിനീകര ണം തടയലും അതോടൊപ്പം മറ്റു ജലസ്രോതസ്സുകളുടെ സംരക്ഷണവും.

(4) കാർഷിക ജൈവമേഖലയുടെ സംരക്ഷണം ഉറപ്പുവരുത്തുക.

(5) പ്ലാസ്റ്റിക്ക് മാലിന്യം അടിഞ്ഞ് പൊതു ഓവുചാലുകളുംജല നിർഗ്ഗമനമാർഗ്ഗങ്ങളും ഉപയോഗശൂന്യമാക്കുന്നതും വെള്ളക്കെട്ടുണ്ടാക്കുന്നതും തടയൽ.

(6) പ്ലാസ്റ്റിക്ക് രഹിത ഖരമാലിന്യം എന്ന ലക്ഷ്യം കൈവരിക്കുക.

(7) ജൈവമാലിന്യങ്ങൾ വളമാക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുക.

(8) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കത്തിക്കുന്നത് മൂലം ഉണ്ടാകുന്ന അന്തരീക്ഷ മലിനീക രണം തടയൽ.

(9) പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ പൊതിഞ്ഞ മാലിന്യങ്ങൾ വഴിയോരങ്ങളിൽ തള്ളുന്നത് തടയൽ.

(10) പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ അനിയന്ത്രിത ഉപയോഗം, ലഭ്യത എന്നിവ ഇല്ലാതാക്കുക.

(11) മാലിന്യശേഖരണം വേർതിരിക്കൽ, സംസ്ക്കരണം എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

(12) പകർച്ചവ്യാധി നിയന്ത്രിക്കൽ.

(13) ജനകീയ പ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര സംഘടനകൾ, മറ്റു സംഘടനകളും, സ്ഥാപനങ്ങളും എന്നിവയുടെ സഹകരണം ഉറപ്പുവരുത്തൽ.

(14) റസിഡന്റ്സ് അസോസിയേഷനുകളുടേയും, പൗരസമിതികളുടെയും, സന്നദ്ധ സംഘ ടനകളുടെയും , സഹകരണം നിയമ പാലനത്തിൽ ഉറപ്പ് വരുത്തുക.

(15) ഇക്കാര്യത്തിൽ നിർദ്ദേശിക്കപ്പെടുന്ന നിയമങ്ങളുടെ ലംഘനത്തിന് ഉചിതമായ ശിക്ഷ നിയമാനുസൃതമാക്കൽ, പ്രഖ്യാപിക്കൽ.

(16) പൊതു സ്ഥലങ്ങൾ പൂർണ്ണമായും മാലിന്യ വിമുക്തമാക്കൽ.

(V) <u>നിരോധനങ്ങൾ</u>

(1) റീ സൈക്കിൾ ചെയ്യാൻ പറ്റുന്ന തരത്തിലുള്ള ഫ്ളെക്സ് ബോർഡുകൾ/ബാനറുകൾ മുതലായവ മാത്രം നഗരസഭാ പരിധിയിൽ ഉപയോഗിക്കേണ്ടതാണ്. അല്ലാത്തവ നിർമ്മിക്കുന്നതും വിതരണം ചെയ്യുന്നതും ഉപയോഗിക്കുന്നതും നഗരസഭാ പരിധിയിൽ നിരോധിക്കുന്നു.

(2) ഇത്തരത്തിലുള്ള ഫ്ളെക്സുകൾ നിർമ്മിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ഉപയോഗിക്കുന്നതിനും നഗരസഭയുടെ ലൈസൻസ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിർബന്ധമായും നേടിയിരിക്കേണ്ടതാണെന്ന് ഈ ബൈലോ വ്യവസ്ഥ ചെയ്യുന്നു. ആയതിനുള്ള ലൈസൻസ് ഫീസ് 5000/- രൂപ പ്രതിവർഷം ആയിരിക്കുന്നതാണ്.

(3) പ്ലാസ്റ്റിക്ക് നിരോധനം തെരുവ് കച്ചവടക്കാർ ഉൾപ്പെടെ നഗരസഭാപരിധിയിലെ എല്ലാ വ്യാപാരികൾക്കും ബാധകമായിരിക്കും

(4) 2016 ലെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ പരിധിയിൽ 50 മൈക്രോണിൽ കനംകുറവുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ ഉൽപ്പാദനം,വിതരണം ,സൂക്ഷിപ്പ്, ഉപയോഗം എന്നിവ കർശ്ശനമായും നിരോധിച്ചിരിക്കുന്നു.

(5) 50 മൈക്രോണിൽ കൂടുതൽ കനമുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നൽകുന്ന സ്ഥാപനങ്ങൾ ക്യാരിബാഗുകൾ ഓരോന്നിലും സ്ഥാപനത്തിന്റെ പേര്, വിലാസം ലൈസൻസ് നമ്പർ കനം, (മൈക്രോണിന്റെ അളവ്)എന്നിവ രേഖപ്പെടുത്താതെയും നഗരസഭയുടെ അനുമതി കൂടാതെയും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു.

(6) മേൽ പറഞ്ഞ തരത്തിലുള്ള പ്ലാസ്റ്റിക്ക്, പ്ലാസ്റ്റിക്ക് അധിഷ്ഠിത കവറുകൾ വിൽക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ നഗരസഭ നിശ്ചയിക്കുന്ന ഫീസടച്ചു ലൈസൻസ് നേടിയിരിക്കേണ്ടതാണ്.

(7) പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉപയോക്താക്കൾക്ക് സൗജന്യമായി നൽകാൻ പാടുള്ളതല്ല. നഗരസഭ നിശ്ചയിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ കുറയാത്ത തുകയ്ക്കേ വിൽപന അനുവദിക്കുകയുള്ളൂ.

(8) പ്ലാസ്റ്റിക്ക് ക്യാരിബാഗുകളിൽ മാലിന്യം നിറച്ച് പൊതുസ്ഥലത്തോ, പാതയോരങ്ങളിലോ, അഴുക്കുചാലുകളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

(9) പാഴ് പ്ലാസ്റ്റിക്കുകളും , പ്ലാസ്റ്റിക്ക് കവറുകളും, പ്ലാസ്റ്റിക്ക് ബോട്ടിലുകളും, തരംതിരിച്ച് സൂക്ഷിക്കേണ്ടതും നഗരസഭാ കൗൺസിൽ രൂപം നൽകിയിട്ടുള്ള ജീവനം ശുചിത്വ സുന്ദരം നഗരം പദ്ധതിയിൽ അനുശാസിക്കുന്ന വിധം കൈകാര്യം ചെയ്യേണ്ടതുമാണ്.

(10) പുനഃചംക്രമണം ചെയ്തതോ കംമ്പസ്റ്റിബിളോ ആയ പ്ലാസ്റ്റിക്ക് ഉപയോഗിച്ച്, പാകം ചെയ്ത ഭക്ഷണ സാധനങ്ങൾ സംഭരിക്കാനോ പാക്ക് ചെയ്യാനോ വിൽക്കാനോ പാടുള്ളതല്ല.

(11) ബൈലോ നിലവിൽ വന്നശേഷം നഗരസഭാ പരിധിയിൽ നിരോധിച്ച പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ പ്ലാസ്റ്റിക്ക് ഗ്ലാസുകൾ പ്ലാസ്റ്റിക്ക് പ്ലേറ്റുകൾ,സ്റ്റൈറോഫോം പ്ലേറ്റുകൾ, ഗ്ലാസുകൾ, തെർമോകോൾ, എന്നിവ നിർമ്മിക്കുകയോ, ശേഖരിക്കുകയോ, വിൽപന നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(12) അപ്രകാരം കാണുന്ന വസ്തുക്കൾ പിടിച്ചെടുക്കുന്നതിനും പിഴ ഈടാക്കുന്നതിനും സെക്രട്ടറിക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(13) നിരോധിക്കപ്പെട്ട ഉൽപ്പനങ്ങൾ കടത്തികൊണ്ടുപോകുന്ന ഏതൊരു വ്യക്തിയേയും വാഹനത്തേയും തടഞ്ഞ് പരിശോധന നടത്തുന്നതിനും ഈ ബൈലോ നടപ്പിലാക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്കോ അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(14) യാതൊരു തരത്തിലുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങളും നഗരസഭാ പരിധിയിൽ കത്തിക്കാൻ പാടുള്ളതല്ല.

(VI) <u>നഗരസഭയുടെ ചുമതലകൾ</u>

(1) പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതും സംഭരിക്കുന്നതും വേർതിരിക്കുന്നതും കൊണ്ടുപോകുന്നതും പ്രോസസ്സ് ചെയ്യുന്നതും സുരക്ഷിതമായ രീതിയിലാണെന്ന് ഉറപ്പു വരുത്തുക.

(2) മേൽ പറഞ്ഞ കാര്യങ്ങൾ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലാണെന്ന് ഉറപ്പ് വരുത്തുക.

(3) പ്ലാസ്റ്റിക്ക് ഉൽപാദകരെ ഉൾപ്പെടുത്തി സംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പു വരുത്തുക.

(4) സംഭരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(5) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എടുക്കുന്നവർ ഉൾപ്പെട്ട സംഘത്തെ മാലിന്യം കൈകാര്യം ചെയ്യുന്നതിന് ഉപയോഗിക്കുക.

(6) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ കത്തിക്കാൻ അനുവദിക്കാതിരിക്കുക.

(VII) <u>പിഴകളും ഇതരശിക്ഷകളും</u>

1) ഈ ബൈലോ വ്യതിചലിച്ച് പ്രവർത്തിക്കുന്നവർക്ക് ഏറ്റവും കുറവ് 5000/- രൂപയും പരമാവധി 10000/- രൂപ വരെയും പിഴ ചുമത്താവുന്നതാണ്.

നഗരസഭ നിശ്ചയിച്ച പരിധിയിൽ കുറഞ്ഞ അളവിലുള്ള പ്ലാസ്റ്റിക്ക് സഞ്ചികളും വില നിശ്ചയിക്കാതെ സൗജന്യമായി നൽകുന്ന തരത്തിലുള്ള പ്ലാസ്റ്റിക്ക് സഞ്ചികളും ഒന്നും തന്നെ നഗരസഭാ പരിധിയിൽ വിതരണം ചെയ്യുവാൻ പാടുള്ളതല്ല

(2) ഈ നിയമാവലിയിൽ പറയുന്ന വ്യവസ്ഥകൾ ലംഘിക്കുന്ന ഓരോ കുറ്റത്തിനും 5000/-രൂപയോളം വരാവുന്ന പിഴകളും ലംഘനം തുടരുന്ന സംഗതികളിൽ ആദ്യത്തെ ലംഘനത്തിനുള്ള കുറ്റ സ്ഥാപനത്തിന് ശേഷം തുടരുന്ന ഓരോ ദിവസത്തേക്കും 500 രൂപയോളം വരാവുന്ന പിഴയും വിധിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുള്ളതും അല്ലെങ്കിൽ ലംഘനം തുടരരുതെന്ന് സെക്രട്ടറിയിൽ നിന്ന് നോട്ടീസ് ലഭിച്ചതിനുശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ അധിക ദിവസത്തേക്കും പ്രതിദിനം 500 രൂപയോളം വരാവുന്ന പിഴയും വിധിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുള്ളതാകുന്നു.

(3) അപ്രകാരം പിഴ ഒടുക്കി കുറ്റം രാജിയാക്കാൻ തയ്യാറാകാത്ത വ്യക്തികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. പിഴ ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) മുനിസിപ്പൽ സെക്രട്ടറിയോ ,മുനിസിപ്പൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിയമാവലി പ്രകാരം സ്വീകരിക്കുന്ന നടപടിയിന്മേൽ ഉള്ള അപ്പീൽ കൗൺസിൽ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

(5) 1994 കേരളാ മുനിസിപ്പാലിറ്റി ആക്ടിൽ ഉണ്ടാകുന്ന ഭേദഗതികൾ, കൂടാതെ കാലാകാലങ്ങളിൽ ഈ വിഷയത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളും ടി നിയമാവലിക്ക് ബാധകമായിരിക്കുന്നതാണ്.

**<u>അനുബന്ധം 1</u>**

പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ ഉപഭോക്താക്കൾക്ക് നൽകുമ്പോൾ സ്ഥാപനങ്ങൾ ക്യാരിബാഗുകൾ ഓരോന്നിനും ഈടാക്കേണ്ട തുക.

| | |
|---|---|
| 50 മൈക്രോൺ മുതൽ 100 മൈക്രോൺ വരെ | -20 രൂപ |
| 101 മൈക്രോൺ മുതൽ 200 മൈക്രോൺ വരെ | - 10 രൂപ |
| 200 മൈകോണിനു മുകളിൽ ഉള്ളവ | - 5 രൂപ |

**<u>അനുബന്ധം 2</u>**

50 മൈക്രോണിൽ കൂടുതൽ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽക്കുന്നതിന് ഓരോ സ്ഥാപനവും നഗരസഭയിൽ പ്രതിമാസം അടവാക്കേണ്ട ഫീസ് 4000 രൂപ

**<u>അനുബന്ധം 3</u>**

പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള യൂസർ ഫീ

| ക്രമനമ്പർ | വിഭാഗം | ഫീസ്(പ്രതിമാസം രൂപയിൽ) |
|---|---|---|
| 1 | വീടുകൾ | 100/-രൂപ |
| 2 | വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ/ ഓഫീസുകൾ | 200/- രൂപ |

(മേൽ നിരക്കുകൾ ഒരു മാസം പരമാവധി 30 കി.ഗ്രാം പ്ലാസ്റ്റിക്ക് ശേഖരിക്കുന്നതിന്) കൂടുതലായി വരുന്ന ഓരോ ക്രി.ഗ്രാമിനും 5/- രൂപ അധികം നൽകേണ്ടതാണ്.

സെക്രട്ടറി

പെരിന്തൽമണ്ണ നഗരസഭ